പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3000 — 21-08-2017-ലെ മറുപടിയ്ക്ക്

## വാമനപുരം മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) വാമനപുരം മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ നിന്നും വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവരിൽ എത്ര പേർക്ക് ഇനിയും പോളിസി സർട്ടിഫിക്കറ്റ് നൽകാനുണ്ടെന്നും ഏതു വർഷം മുതൽ ഉള്ള അപേക്ഷകളിലാണ് പോളിസി സർട്ടിഫിക്കറ്റ് നൽകാനുള്ളതെന്നും വിശദമാക്കാമോ; | (എ) 2017-18 സാമ്പത്തിക വർഷത്തിൽ ലഭ്യമായ അപേക്ഷകളിൽ 7 പേർക്കാണ് ഇനി പോളിസി സർട്ടിഫിക്കറ്റ് നൽകാനുള്ളത്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ക്ലെയിം സമർപ്പിച്ചവരിൽ എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) ക്ലെയിം സമർപ്പിച്ചതിലുള്ള അപാകതകൾ പരിഹരിക്കാനായി 26 പേരുടെ അപേക്ഷകൾ തിരികെ നൽകിയിട്ടുണ്ട്. |
| (സി) ഏതു വർഷം മുതൽ നഷ്ടപരിഹാരം നൽകുന്നതിൽ കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ? | (സി) നിലവിൽ കുടിശ്ശിക ഇല്ല |

സെക്ഷൻ ഓഫീസർ